• വാർത്താ വിശകലനം

## ഏറ്റെടുത്തത് കാടുകയറി, നഷ്ടകൃഷിയുമായി വനംവകുപ്പ്



നെല്ലിയാമ്പതിയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള തൂത്തംപാറ എസ്റ്റേറ്റ്

# തൂത്തംപാറ ആരുടെനഷ്ടം, ആരുടെ കൃഷി!?

എം.എൻ. ഗിരി

'ഏറ്റെടുത്തത് കാടുകയറി, നഷ്ടകൃഷിയുമായി വനംവകുപ്പ്' എന്ന തലക്കെട്ടിൽ കേരള കൗമുദിയുടെ ജൂലൈ 22-ലെ തൂത്തംപാറ എസ്റ്റേറ്റ് വാർത്ത വസ്തുതകൾ വളച്ചൊടിക്കുന്നതിന്റെയും അർദ്ധസത്യങ്ങളിലൂടെ പോബ്സൺ മുതലാളിയെ രക്ഷിക്കുവാനുള്ള ഗൂഢതന്ത്രത്തിന്റെയും പരസ്യമായ വെളിവാക്കലായി. വാർത്തയിൽ സൂചിപ്പിക്കുന്നതുപോലെ നെല്ലിയാംപതിയിലെ ഈ എസ്റ്റേറ്റ് 2007 ജൂലൈ 15-ന് സർക്കാർ ഏറ്റെടുത്തിരുന്നു. പാട്ടക്കാലാവധി കഴിഞ്ഞതിനാൽ 351 ഏക്കർ വരുന്ന എസ്റ്റേറ്റ് പോബ്സണിൽ നിന്ന് സർക്കാരിലായെങ്കിലും രാഷ്ട്രീയ സാമ്പത്തിക നിയമസമ്മർദ്ദങ്ങളിലൂടെ എസ്റ്റേറ്റ് തിരകെ തട്ടിയെടുക്കാൻ പോബ് സൺ പലവിധ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

വാർത്തയിൽ പറയുന്നു: ജൈവവളവും, ജൈവകീടനാശിനിയും മാത്രം ഉപയോഗിച്ച് കൃഷി ചെയ്ത് ഓർഗാനിക് നാണ്യവിളകൾ വിളയിച്ചെടുക്കുന്ന പ്രശസ്തമായ തൂത്തംപാറ എസ്റ്റേറ്റ് വനംവകുപ്പ് ഏറ്റെടുത്തതോടെ ആകെ താളം തെറ്റിയത്രേ. വരുമാനം കുറഞ്ഞു, വിളവില്ലാതെയായി, കീടബാധ കൂടി, കണക്കിലാതെ തട്ടിപ്പും വെട്ടിപ്പും.... ലാഭക്കുറവിന്റെ വിശദമായ കണക്കുകളും ചേർത്തിട്ടുണ്ട്. കൂടാതെ നെല്ലിയാംപതി മേഖലയിൽ സർക്കാർ ഏറ്റെടുത്ത ഇതര എസ്റ്റേറ്റുകളുടെ സ്ഥിതിയും ദയനീയമെന്ന് സൂചിപ്പിക്കുന്നുണ്ട്.

വെറുതെ വായിച്ചുപോകുന്ന ഒരു സാദാ വായനക്കാരന് ഈ വാർത്തയിൽ അസാധാരണമായി ഒന്നും തോന്നുകയില്ല. പതിവ് സർക്കാർ അനാസ്ഥ, അഴിമതി, പിടിപ്പുകേട്, ...... എന്നാൽ സത്യത്തിൽ നീണ്ട നിയമയുദ്ധത്തിലൂടെ കുറെയൊക്കെ രാഷ്ട്രീയ ഇച്ഛാശക്തിയുടെയും പൊതുജന പ്രീതി പിടിച്ചുപറ്റാൻ വേണ്ടിയാണ് ഈ എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്തതുതന്നെ. ഇതിനകം വിവാദവിഷയമായ അനേകം സംഭവങ്ങൾ ഇക്കാര്യത്തിൽ മുന്നിലും പിന്നിലുമായി വന്നിട്ടുണ്ട്. സർക്കാർ എസ്റ്റേറ്റ് ഏറ്റെടുത്തെങ്കിലും വനഭൂമിയായി നിലനിർത്തേണ്ട ഇത് പതുക്കെ പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറാനായിരുന്നു ശ്രമം. ഈ മേഖല പലതരം വനം കൊള്ളയ്ക്ക് വിധേയമായെങ്കിലും കുറച്ചൊക്കെ വനഭൂമിയായി തന്നെ നിലനിൽക്കുന്നുണ്ട്. വാസ്തവത്തിൽ തോട്ടമായല്ല, കാടായാണ് ഈ ഭൂമി സംരക്ഷിക്കേണ്ടത്. വാർത്തയിൽ വാസ്തവം ഉണ്ടാവാമെങ്കിലും 'ഏറ്റെടുത്തത് കാടുകയറി' എന്ന തലക്കെട്ട് തട്ടിപ്പാണ്. എന്തെന്നാൽ കാടായിരിക്കുന്നൊരു ഭൂമി, പോബ്സന്റെ പലതരം വിളയാട്ടങ്ങൾക്കുശേഷവും, കാടായിത്തന്നെ നിലനിർത്താനായാൽ നശിച്ചുകൊണ്ടിരിക്കുന്ന നെല്ലിയാംപതിയുടെ പരിസ്ഥിതിയുടെയും കാലാവസ്ഥയുടെയും സംരക്ഷണത്തിന് കുറച്ചൊരാശ്വാസമാകുമായിരുന്നു. പരിസ്ഥിതി പ്രേമികൾ ഏറെക്കാലമായി ഇതാവശ്യപ്പെട്ട് സമരരംഗത്തുമാണ്.

എന്നാൽ ഇപ്പോൾ എസ്റ്റേറ്റ് സർക്കാർ ഉടമസ്ഥതയിലായെങ്കിലും പതുക്കെ എന്തെങ്കിലും പഴുതുകളിലൂടെ പോബ്സണ് കൈമാറി തീവെട്ടിക്കൊള്ള നടത്താനുള്ള നീക്കങ്ങൾ തകൃതിയിൽ നടക്കുകയാണെന്ന് മനസിലാക്കാം. അതിനായി ഇടയ്ക്കിടെ അഴിമതി, സ്വാധീനം കൂടാതെ പത്രമാധ്യമങ്ങളെയും പൊതുജനത്തെയും വഞ്ചിക്കാൻ ശ്രമം തുടരുന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് ഈ വാർത്തയെന്നും സംശയിക്കേണ്ടിവരും. മുൻപൊരിക്കൽ മലയാള മനോരമയുടെ എഡിറ്റോറിയൽ പോബ്സന്റെ എസ്റ്റേറ്റ് അവർക്കു തന്നെ നൽകാനുള്ള പിന്തുണയുമായായിരുന്നു, പച്ചയ്ക്കുള്ള ഈ കൂട്ടിക്കൊടുപ്പ്. ഇതും കൂടാതെ അവർ ആർ. ഹേലി എന്ന മുൻ കൃഷി ഡയറക്ടർ (മനോരമ കർഷകശ്രീയുടെ ഉപദേശകൻ) പേരുവെച്ചെഴുതിയ ലേഖനവും പ്രസിദ്ധീകരിച്ചു. ഇതും കൂടാതെ വാണിജ്യപേജിൽ പോബ്സണ് എസ്റ്റേറ്റ് കൈമാറിയില്ലെങ്കിൽ അന്താരാഷ്ട്രമാർക്കറ്റിൽ ജൈവ ഉൽപ്പന്നങ്ങളുടെ വലിയൊരു ദാരിദ്ര്യമുണ്ടാവുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. നോക്കണേ, കള്ളന് കഞ്ഞിവെച്ചവരുടെ നീണ്ട നിര! അവൻ കേരളകൗമുദിയുടെ രൂപത്തിലും വരും. നമുക്കാശ്വസിക്കാം, കാടുകയറുന്നത് എന്തായാലും നല്ലത്.

കാക്കനാട്, കൊച്ചിൻ - 30